പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1908 | 04.05.2017 ൽ മറുപടിയ്ക്ക്

## എളങ്കുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ടിൽ മിനി സ്റ്റേഡിയം നിർമാണം

ചോദ്യം

ശ്രീ.എസ്.ശർമ്മ

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | എളങ്കുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ടിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഡി.പി.ആർ തയ്യാറാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | എ) | നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| ബി) | ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ നിശ്ചയിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ; | ബി) & സി) | കിഫ്ബി പദ്ധതി നടപ്പിലാക്കുന്നതിന് 07.08.2015 ലെ സ.ഉ (പി)നം.339/2015/ധന പ്രകാരം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കിഫ്ബി ഗൈഡ്‌ലൈൻസ് പ്രകാരം സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും എസ്.പി.വി കണ്ടെത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം കായിക യുവജന കാര്യാലയ എഞ്ചിനീയറിംഗ് വിംഗ് മുഖാന്തിരം ചില ഡി.പി.ആർ-കൾ തയ്യാറാക്കി വരികയാണ്. എസ്.പി.വി നിലവിൽ വന്നതിനു ശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തിയ മറ്റെല്ലാ സ്റ്റേഡിയങ്ങളുടെയും ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| സി) | ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഏത് ഏജൻസിയെന്നും, ഏജൻസിയെ നിശ്ചയിച്ച തീയതി ഏതെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ